**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.976** 30/10/2019-**ലെ മറുപടിക്ക്**

## വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനായി പുതിയ അണക്കെട്ടുകൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.**ഷാഫി പറമ്പിൽ<br>**ശ്രീ.** വി.ടി.ബൽറാം | **കെ. കൃഷ്ണൻകുട്ടി**<br>**ജലവിഭവ വകുപ്പ് മന്ത്രി** |
| (എ) സംസ്ഥാനത്ത് വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനായി പുതിയ അണക്കെട്ടുകൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | എ) ഉണ്ട്. |
| (ബി) ഏതൊക്കെ നദികളിലാണ് പുതിയ അണക്കെട്ടുകൾ നിർമ്മിക്കുക; | ബി) മണിമല, പെരിയാർ, ചാലക്കുടി , ചാലിയാർ മീനച്ചിൽ , പമ്പാ-അച്ചൻകോവിൽ , കബനി, ഭവാനി എന്നീ നദികളിലാണ് വെള്ളപ്പൊക്ക നിയന്ത്രണത്തിന് പുതിയ ഡാമുകൾ നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നത്. |
| (സി) കാവേരി നദീജലം പങ്കുവയ്ക്കുന്നത് സംബന്ധിച്ച കാവേരി ട്രൈബ്യൂണലിന്റെ വിധിയുടെ അടിസ്ഥാനത്തിൽ എത്ര ടി.എം.സി ജലമാണ് സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളത്; പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ കാവേരിയിൽ അണക്കെട്ട് നിർമ്മിച്ച് അട്ടപ്പാടിയിൽ അനുഭവപ്പെടുന്ന കനത്ത ജലക്ഷാമത്തിന് പരിഹാരം കാണുമോ? | സി) കാവേരി നദീജലം പങ്കുവയ്ക്കുന്നത് സംബന്ധിച്ച കാവേരി ട്രൈബ്യൂണലിന്റെ വിധിയുടെ അടിസ്ഥാനത്തിൽ 30 ടി.എം.സി ജലമാണ് സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളത്. കാവേരിയുടെ പോഷക നദിയായ ശിരുവാണി നദിയിൽ അട്ടപ്പാടിയിൽ ഡാം നിർമ്മിക്കാനുള്ള പര്യവേഷണ പ്രവൃത്തികൾ നടത്തി DPR തയ്യാറാക്കിയിട്ടുണ്ട്. അട്ടപ്പാടിയിലെ ജലക്ഷാമം പരിഹരിക്കുകയാണ് ഈ അണക്കെട്ടിന്റെ ഉദ്ദേശ്യം. |

**സെക്ഷൻ ഓഫീസർ**